# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5058** — **06.02.2014- ൽ മറുപടിക്ക്**

## ബേപ്പൂർ തുറമുഖ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എളമരം കരീം :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; | (എ) ബേപ്പൂർ തുറമുഖ വികസനം ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള വികസന പദ്ധതികൾ നടപ്പിലാക്കാനുമാണുദ്ദേശിക്കുന്നത്. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ ഒരു വാർഫ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും IIT, Chennai-യ്ക്ക് പഠനം നടത്താനായി തുക നൽകുകയും, ചെയ്തു. കൂടാതെ ഇലക്ട്രോണിക് വെയ് ബ്രിഡ്ജ് സ്ഥാപിക്കാൻ 23 ലക്ഷം രൂപയുടെ ഭരണാനുമതിയും സെക്യൂരിറ്റി റൂം, റെസ്റ്റ് റൂം, വാച്ച് ടവർ എന്നിവയുടെ നിർമ്മാണത്തിന് 41.50 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി. |
| (ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (ബി) കോഴിക്കോട്, ബേപ്പൂർ തുറമുഖ വികസനത്തിന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 6,75,00,000/- രൂപ മുഴുവനും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| (സി) ഇതിനകം എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (സി) 31-12-2013 വരെ 51,55,797/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ